കെ.എസ്.ആർ.ടി.സി. യിൽ മാനേജ്മെന്റ് വിദഗ്ദ്ധരുടെ അഭാവം പരിഹരിക്കാൻ നടപടി

144 (5364) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്:ആർ.ടി.സി.-യിൽ ഏതെല്ലാം മേഖലകളിൽ മാനേജ്മെന്റ് വിദഗ്ദ്ധരുടെ സേവനം ലഭ്യമാണെന്ന് വ്യക്തമാക്കുമോ ; കെ.എസ്.ആർ.ടി.സി.-യുടെ വർദ്ധിച്ചുവരുന്ന നഷ്ടത്തിനു കാരണം മാനേജ്മെന്റ് വിദഗ്ദ്ധരുടെ അഭാവമാണോ ;

(ബി) എങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി.യിൽ മാനേജ്മെന്റ് വിദഗ്ദ്ധരുടെ സേവനം ലഭ്യമല്ല. കെ. എസ്. ആർ. ടി. സി.യിൽ ചാർട്ടേഡ് അക്കൗണ്ടന്റ്, കമ്പ്യൂട്ടർ എക്സ്പെർട്ട് എന്നീ മേഖലകളിൽ മാനേജ്മെന്റ് വിദഗ്ദ്ധരുടെ സേവനം ആവശ്യമാണ്. ടി വിദഗ്ദ്ധരുടെ അഭാവം മാത്രമല്ല സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. കെ. എസ്. ആർ. ടി. സി.യുടെ വർദ്ധിച്ചു വരുന്ന നഷ്ടം കുറയ്ക്കുന്നതിനായി കോർപ്പറേഷന്റെ വികസനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ പെൻഷൻ ഫണ്ട് രൂപീകരിക്കാതെ പെൻഷൻ നൽകാൻ തീരുമാനം എടുത്തതുമൂലം കോർപ്പറേഷൻ ഫണ്ടിൽ നിന്ന് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും വിതരണം ചെയ്യേണ്ടി വരുന്നതും, മുൻകാലങ്ങളിലുണ്ടായ സാമ്പത്തിക ബാദ്ധ്യത കൊടുത്തു തീർക്കേണ്ടി വന്നതും ഡീസലിന്റെ അടിക്കടിയുണ്ടാകുന്ന വില വർദ്ധനവും, ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണവും , ഡി. എ. നൽകേണ്ടി വന്നതും ആണ് കോർപ്പറേഷന്റെ സർവ്വീസ് ഓപ്പറേഷൻ ലാഭകരമായി നടക്കുന്നെങ്കിലും സാമ്പത്തിക നഷ്ടത്തിനു കാരണം.

(ബി) നടപടികൾ സ്വീകരിച്ചു വരുന്നു.

കെ.എസ്.ആർ.ടി.സി. പാഴ്സൽ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി

145 (5365) ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി പാഴ്സൽ സർവ്വീസ് ആരംഭിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി എന്തൊക്കെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് ;

(സി) പാഴ്സൽ സർവ്വീസ് ആരംഭിക്കുന്നതിലൂടെ പ്രതിവർഷം കെ.എസ്.ആർ.ടി.സി.-ക്ക് എത്ര കോടി രൂപ അധികവരുമാനം നേടാനാകുമെന്നാണ് കണക്കാക്കുന്നത് ;

(ഡി) ഇപ്രകാരം പാഴ്സൽ സർവ്വീസ് തുടങ്ങുന്നതിന് കെ.എസ്.ആർ.ടി.സി. പ്രത്യേക വിഭാഗം ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ. എസ്. ആർ. ടി. സി.യിൽ കൊറിയർ/പാഴ്സൽ സർവ്വീസ് ആരംഭിക്കുന്നതിന്റെ ഭാഗമായി 11-10-2007-ൽ ലേലം/ടെണ്ടർ നടപടികളിലൂടെ കരാറുകാരനെ കണ്ടെത്തുന്നതിനായി ശ്രമിച്ചിരുന്നു. എന്നാൽ യോഗ്യതയുള്ള ടെണ്ടർമാരെ ലഭിക്കുകയുണ്ടായില്ല. അതിന്റെ ഭാഗമായി വീണ്ടും ലേലം/ ടെണ്ടർ നടപടി സ്വീകരിക്കുവാനുള്ള ചർച്ചകൾ പുരോഗമിച്ചു വരികയാണ്.

(സി) ലേലം/ടെണ്ടർ നടപടിയിലൂടെയാണ് കരാറുകാരനെ കണ്ടെത്തുന്നത്. അതിനാൽ തന്നെ എത്ര രൂപയുടെ അധികവരുമാനം നേടാനാകുമെന്ന് ഇപ്പോൾ കണക്കാക്കുവാൻ കഴിയില്ല.

(ഡി) പാഴ്സൽ സർവ്വീസ് തുടങ്ങുന്നതിന് കെ. എസ്. ആർ. ടി. സി. പ്രത്യേക വിഭാഗം ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിട്ടില്ല.

ഫെയർസ്റ്റേജ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം

146 (5366) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫെയർ സ്റ്റേജ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ;

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി.സൂപ്പർ ഫാസ്റ്റ് ബസ്സിന് സ്റ്റോപ്പുള്ള ചാലക്കുടി മണ്ഡലത്തിലെ കൊരട്ടിയിൽ ഫെയർ സ്റ്റേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ഫെയർ സ്റ്റേജ് നിശ്ചയിക്കുന്നത് ദൂരം (ശരാശരി രണ്ടര കിലോമീറ്റർ), സ്ഥലത്തിന്റെ പ്രാധാന്യം, യാത്രക്കാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന സ്റ്റോപ്പിന്റെ പ്രാധാന്യം, യാത്രക്കാരുടെ ആവശ്യം എന്നിവ കണക്കിലെടുത്താണ്.

(ബി) ചാലക്കുടിയിൽ നിന്നും അങ്കമാലി വരെ 15 കി. മീറ്റർ ദൂരം മാത്രമേയുള്ളൂ. സൂപ്പർ ഫാസ്റ്റ് മുതലുള്ള സൂപ്പർ ക്ലാസ് സർവ്വീസുകൾക്ക് 15 കി. മീറ്ററിനകത്ത് ഒരു ഫെയർ സ്റ്റേജ് അനുവദിക്കുന്നത് കെ. എസ്. ആർ. ടി. സി.-ക്ക് ഗുണകരമായിരിക്കില്ല. ചാലക്കുടിയിൽ നിന്നും കൊരട്ടിയിലേയ്ക്ക് അഞ്ച് (5) കി. മീറ്റർ ദൂരം മാത്രമേയുള്ളൂ. ഈ സാഹചര്യത്തിൽ കൊരട്ടിയിൽ ഫെയർ സ്റ്റേജ് വേണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly